**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2122**

**11.03.2020- ൽ മറുപടിക്ക്.**

## വടക്കാഞ്ചേരി വില്ലേജിൽ പുതിയ വ്യവസായ പാർക്ക്

| ചോദ്യം<br>ശ്രീ. അനിൽ അക്കര | മറുപടി<br>**ഇ. പി. ജയരാജൻ**<br>**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).** |
|---|---|
| (എ) തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി വില്ലേജിൽ പുതിയ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ ;<br><br>(ബി) ഇത് സംബന്ധിച്ച് എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തിയായെന്ന് വ്യക്തമാക്കുമോ ? | (എ) & (ബി) തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി നഗരസഭാ പരിധിയിൽ പി.പി.പി. മോഡലിൽ ഒരു വ്യവസായ ശാലയ്ക്ക് 09/05/2018-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 530/2018/ഐ.ഡി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാർ വിഹിതമായി 2 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. നഗരസഭയുടെ ഭാഗത്തുനിന്ന് 50 സെന്റ് സ്ഥലം ഇതിനായി വിനിയോഗിക്കുവാൻ സന്നദ്ധതയും അറിയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി വാങ്ങുവാൻ നഗരസഭാ തലത്തിൽ നടപടികൾ പുരോഗമിക്കുകയാണ്. പദ്ധതി വിഭാവനം ചെയ്ത രീതിയിൽ സർക്കാർ വിഹിതത്തിന് തുല്യ വിഹിതമായ 50% തുക വടക്കാഞ്ചേരി നഗരസഭയിൽ നിന്ന് ലഭ്യമായാൽ വ്യവസായ ശാലയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ.

ജക/06/03/20